# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1963** | **05/10/2016** -ൽ മറുപടിക്ക്

## കുടിവെള്ള പദ്ധതികളിലെ പൊട്ടിപ്പൊളിഞ്ഞ പൈപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) റാന്നി നിയോജകമണ്ഡലത്തിലെ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികളിലെ പൊട്ടിപ്പൊളിഞ്ഞ പൈപ്പുകൾ മാറ്റുന്നതിനായി, ബജറ്റ് പ്രഖ്യാപന പ്രകാരം ഏതൊക്കെ പദ്ധതികളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;<br>(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) റാന്നി നിയോജകമണ്ഡലത്തിലെ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികളിലെ കേടുപാടുകൾ വന്ന പൈപ്പുകൾ മാറ്റുന്നതിനായി താഴെപ്പറയുന്ന പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.<br>1. റാന്നി പെരുനാട് കുടിവെള്ള പദ്ധതിയിൽ എരുമാറ്റുപുഴ, മാമ്പാറ, കിഴക്കേമാമ്പാറ എന്നി പ്രദേശങ്ങളിലെ കേടുപാടുകൾ വന്ന പൈപ്പുകൾ മാറ്റുന്ന പ്രൊപ്പോസൽ.<br>2. വെച്ചൂച്ചിറ കുടിവെള്ള പദ്ധതിയിൽ വിവിധ പ്രദേശങ്ങളിലെ കേടുപാടുകൾ വന്ന പൈപ്പുകൾ മാറ്റുന്ന പ്രൊപ്പോസൽ.<br>3. റാന്നി – അങ്ങാടി കുടിവെള്ള പദ്ധതിയിലെ മേനാംതോട്ടം – ചെട്ടിമുക്ക്, ചെട്ടിമുക്ക് – കരികുറ്റി, ചെട്ടിമുക്ക് – എബനേസർ, നെല്ലിക്കാമൺ - വളവടിക്കാവ്, ചെട്ടിമുക്ക് – കരിംകുറ്റി, എന്നീ പ്രദേശങ്ങളിലെ കേടുപാടുകൾ വന്ന പൈപ്പുകൾ മാറ്റുന്ന പ്രൊപ്പോസൽ.<br>4. വെച്ചൂച്ചിറ കുടിവെള്ള പദ്ധതിയിൽ കുത്താട്ടുകുളം – കുംഭിത്തോട് പ്രദേശത്തെ കേടുപാടുകൾ വന്ന പൈപ്പുകൾ മാറ്റുന്ന പ്രൊപ്പോസൽ. |
| (സി) ഈ പ്രൊപ്പോസലുകൾ ഇപ്പോൾ ഏത് ഓഫീസിലാണുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (സി) മേൽ പറഞ്ഞ പ്രൊപ്പോസലുകൾ കേരള വാട്ടർ അതോറിറ്റിയുടെ ദക്ഷിണ മേഖലാ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

JSK/ ✓